Code Number 12

| Roll Number | | |
|---|---|---|

# INDIAN SCHOOL MUSCAT
## MID-TERM EXAMINATION
## MALAYALAM

CLASS: IX

19.09.2017

Sub. Code: 012

Time Allotted: 3 Hrs

Max. Marks: 80

### എ വിഭാഗം

1. **ഖണ്ഡിക വായിച്ച് താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

ആഫ്രിക്കൻ രാജ്യമായ സുഡാനിൽ 1993 ൽ കടുത്ത ക്ഷാമം പടർന്നു പിടിക്കുകയുണ്ടായി. ഐക്യരാഷ്ട്രസഭയുടെ വിമാനത്തിൽനിന്ന് താഴേക്കിടുന്ന ഭക്ഷണപ്പൊതിക്കുവേണ്ടി ജനങ്ങൾക്ക് കിലോമീറ്ററുകളോളം നടക്കേണ്ടിവന്നു. ഭക്ഷണപ്പൊതിക്കുവേണ്ടി ആർത്തിയോടെ തിരക്കുകൂട്ടുന്ന ജനങ്ങളുടെ ചിത്രമെടുക്കാൻ ഉദ്യമിച്ച കെവിൻ കാർട്ടർക്ക് ദാരുണമായ ഒരു രംഗത്തിനു സാക്ഷ്യം വഹിക്കേണ്ടിവന്നു. ഒരിത്തിരി ഭക്ഷണത്തിനുവേണ്ടി നടന്നു വലഞ്ഞ ഒരു സുഡാനി പെൺകുട്ടി തളർന്നിരിക്കുന്നു. ആർത്തിപൂണ്ട ഒരു കഴുകൻ, മരിച്ചെന്നു കരുതി പെൺകുട്ടിക്കു സമീപം പറന്നു വന്നിരുന്നു. കൊത്താൻ ആഞ്ഞപ്പോഴാണ് ജീവൻ അവശേഷിക്കുന്നുണ്ട് എന്ന് കഴുകന് മനസ്സിലായത്. പെൺകുട്ടിയുടെ അവസാന നിമിഷങ്ങൾക്കുവേണ്ടി കഴുകൻ അൽപം മാറി കാത്തിരുന്നു. കെവിൻ മണ്ണിലൂടെ ഇഴഞ്ഞുചെന്ന് ആദ്യം ആ ദൃശ്യം ക്യാമറയിൽ പകർത്തി. പിന്നീട് കഴുകനെ ആട്ടിയോടിച്ചു. അടുത്ത പ്രഭാതത്തിൽ ക്ഷാമത്തിന്റെ ഭീകരത ലോകത്തിനു മുമ്പിൽ തുറന്നുകാട്ടിക്കൊണ്ട് ആ ചിത്രം പത്രത്തിൽ പ്രത്യക്ഷപ്പെട്ടു. ആ ചിത്രം കെവിനെ പുലിസ്റ്റർ സമ്മാനത്തിന് അർഹനാക്കി. എന്നാൽ ആ പെൺകുട്ടിയെ രക്ഷിക്കാൻ കഴിയാത്തതിലുള്ള കുറ്റബോധം അയാളെ വേട്ടയാടി. ഒരു വർഷത്തിനുശേഷം കെവിൻ തന്റെ ജീവിതം അവസാനിപ്പിച്ചു. മരണത്തിനുമുമ്പ് തന്റെ ഡയറിയിൽ അദ്ദേഹം ഇങ്ങനെ കുറിച്ചുവച്ചു: ''ഒരു കാരണവശാലും ഞാൻ ഭക്ഷണം വെറുതെകളയില്ല; എത്ര വയർ നിറഞ്ഞിരിക്കുകയാണെങ്കിലും. സ്വന്തം കാര്യങ്ങളെക്കാൾ നമുക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ചിന്തിക്കാൻ എല്ലാവർക്കും സാധ്യമാക്കണേ! ജീവിതത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാനും ചിന്തിക്കാനും പ്രവർത്തിക്കാനും നമുക്കാവണേ. കിട്ടിയ ഭക്ഷണത്തെ കുറ്റപ്പെടുത്തുമ്പോഴും അനാവശ്യമായി കളയുമ്പോഴും എല്ലാവർക്കും ഇതോർമ്മിപ്പിച്ചു കൊടുക്കണേ ദൈവമേ'' എന്ന്.

1). എന്തിനാണ് ജനങ്ങൾക്ക് കിലോമീറ്ററുകളോളം നടക്കേണ്ടിവന്നത് ?
2). കെവിൻ കാർട്ടറെ പുലിസ്റ്റർ സമ്മാനത്തിന് അർഹനാക്കിയതെന്ത് ?
3). എന്തിനായിരുന്നു കെവിൻ കാർട്ടർ ജീവിതം അവസാനിപ്പിച്ചത്?
4). കെവിൻ കാർട്ടർ ഡയറിയിൽ കുറിച്ചുവച്ചത് എന്തായിരുന്നു?
5). ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക

(5X2=10)

## ബി വിഭാഗം

II. a). **ഏതെങ്കിലും ഒന്നിനെപറ്റി രണ്ടുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക** (1x8=8)

1). കായിക വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം

2). ബാലവേല കുട്ടികളിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

3). അഴിമതി പൊതുജീവിതത്തെ മലിനമാക്കുമ്പോൾ

b). നിങ്ങളുടെ പ്രദേശത്ത് പുതുതായി ആരംഭിക്കാൻ പോകുന്ന മദ്യ വിൽപനശാല മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ കലക്റ്റർക്ക് ഒരു പരാതി തയ്യാറാക്കുക 8

## സി വിഭാഗം

III.a) **പ്രയോഗം മാറ്റുക** 1

എനിക്ക് ശല്യമായി തീർന്നിരിക്കുന്ന ഈ വസ്ത്രങ്ങൾ നിങ്ങൾ സ്വീകരിക്കുമോ ?

b). **തന്നിരിക്കുന്ന വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക** 1

തോണിയുടെ കൊമ്പിലേക്കുതന്നെ ദൃഷ്ടിയുറപ്പിച്ച് നോക്കിക്കൊണ്ട് സമചിത്തതയോടെ ബലത്ത കരങ്ങളാൽ അയാൾ തുഴഞ്ഞുകൊണ്ടിരുന്നു

c). **അർഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക** 1

അമ്മയെ അകത്തു കൊണ്ടുപോയാക്കിയതിനു ശേഷം അയാളുടെ ജ്യേഷ്ഠത്തി ഉമ്മറത്തേക്ക് മടങ്ങിവന്നു

d). **വാക്യത്തിൽ പ്രയോഗിക്കുക** 1

1). സർക്കീട്ട് നടത്തുക

e). **പദം പിരിച്ച് സന്ധിയെഴുതുക** (2x1=2)

1). അന്തിയായാൽ

2). ഉദ്യോഗക്കയറ്റം

f). **വിഗ്രഹിച്ച് സമാസം എഴുതുക** (2x1=2)

1). ദീർഘനിശ്വാസം

2). മാനുഷാകാരം

IV. **ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരമെടുത്തെഴുതുക**

a). **പര്യായമെഴുതുക** (2x1=2)

1). നിശ (രാത്രി, ആശ, നിഴൽ, രജനി)

2). തേൻ (മകരന്ദം, മധു, ദ്യുതി, അഴൽ)

**b). വിപരീതമെഴുതുക** (2x1=2)

1). രഹസ്യം (അരഹസ്യം, ഹസ്യം, അതിരഹസ്യം, പരസ്യം)

2). താഴ്ത്തി (ഉയർത്തി, വീഴ്ത്തി, നിർത്തി, പോക്കി)

**c). നാനാർഥമെഴുതുക** (2x1=2)

1). ദീനൻ (രോഗി, ദുഷ്ടൻ, ഹീനൻ, ദു:ഖിതൻ)

2). ആകാരം (വലുപ്പം, രൂപം, ഭക്ഷണം, ശരീരം)

**d). അർഥവ്യത്യാസമെഴുതുക** 1

1). കാന്തി - കാന്ത (ദു:ഖം, ഭാര്യ തണൽ, ശോഭ)

**e). എതിർലിംഗമെഴുതുക** (2x1=2)

1). കിഴവൻ (കിഴവി, കിഴവ, കിളവ, വൃദ്ധ)

2). പുണ്യവാൻ (പുണ്യ, പുണ്യവതി, പുണ്യവ, പുണ്യശീല)

**V. ബ്രാക്കറ്റിൽനിന്ന് ശരിയായ ഉത്തരമെടുത്തെഴുതുക** (10x/2 =5)

1). ഉള്ളൂർ രചിച്ച മഹാകാവ്യമേത് ?

(ഉമാകേരളം, കൽപശാഖി, കർണഭൂഷണം, ചിത്രകാവ്യം)

2). 'സിദ്ധാർഥ' എന്ന നോവൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാര് ?

(ഹെർമൻ ഹെസ്സെ, പി. ഭാസ്കരൻ, പി. രാമൻനായർ, മാധവിക്കുട്ടി)

3). രാത്രിയിൽ, വിഷക്കാവിൽ വെളിച്ചമകറ്റുവാനായി ആരാണ് ദുർമന്ത്രവാദം ചെയ്യുന്നത് ?

(പട്ടികൾ, കാളകൾ. മൂങ്ങകൾ, വണ്ടിക്കാരൻ)

4). 'കാളകൾ' എന്നകവിത ഏതു സമാഹാരത്തിൽനിന്ന് എടുത്തിട്ടുള്ളതാണ് ?

(ഓർക്കുക വല്ലപ്പോഴും, കാളകൾ, മുഖത്തോട് മുഖം, ഒറ്റക്കമ്പിയുള്ള തംബുരു)

5). ഗോപിയുടെ നാട്ടിലേക്കുള്ള വരവിൻെറ പ്രധാന ഉദ്ദേശ്യം എന്തായിരുന്നു ?

(അമ്മയെകാണാൻ, പെങ്ങളെ കാണാൻ, സ്വത്തിൻെറ ഓഹരി ചോദിക്കാൻ, നാടുകാണാൻ)

6). എന്തു കണ്ടിട്ടാണ് അക്രൂരൻ കുമ്പിട്ട് കൈകൂപ്പി നിന്നത് ?

(ശ്രീകൃഷ്ണൻെറ കാൽപാദങ്ങൾ, അമ്പാടി, ശ്രീകൃഷ്ണൻെറ കൊട്ടാരം, സുന്ദരികളായ സ്ത്രീകളെ)

7). ആർക്കാണ് രാത്രിപോലും സൂര്യകിരണങ്ങളെക്കൊണ്ട് തെളിഞ്ഞ പകൽപോലെ അനുഭവപ്പെടുന്നത് ?

(ശുഭം പ്രതീക്ഷിക്കുന്നവർക്ക്, മനസ്സിൽ നൈരാശ്യമുള്ളവർക്ക്, വേല ചെയ്യുന്നവർക്ക്,

മിന്നാമിന്നുകൾക്ക്)

8). ഏതായിരുന്നു കടത്തുകാരൻെറ മഹത്തായ ഗുണമായി സിദ്ധാർഥന് തോന്നിയത് ?
(പഴയ സുഹൃത്തിനെ തിരിച്ചറിയാനുള്ള കഴിവ്, കേട്ടിരിക്കാനുള്ള കഴിവ്, നിർത്താതെ സംസാരിക്കാനുള്ള കഴിവ്, തോണി തുഴയാനുള്ള കഴിവ്)

9). താഴെ പറയുന്നവരിൽ ആരാണ് ഇംഗ്ലീഷിൽ കവിതകളും മലയാളത്തിൽ കഥകളും എഴുതി പ്രസിദ്ധിയിലേക്ക് ഉയർന്നത് ?
(പി. ഭാസ്കരൻ, ഹെർമൻ ഹെസ്സെ, ഉള്ളൂർ, മാധവിക്കുട്ടി)

10). ഏത് മേഖലയിലായിരുന്നു ചെറുശ്ശേരിയുടെ സാഹിത്യ സംഭാവനകൾ ?
(കഥ, കവിത, നോവൽ, നാടകം)

### ഡി വിഭാഗം

**VI. ഉത്തരമെഴുതുക** (8x4=32)

1). "അതായിരിക്കാം പൊരുളാപ്രവൃത്തി
ക്കജൻ ഹിതം മർത്യനറിഞ്ഞു ചെയ്‌വോൻ" – ആശയം വ്യക്തമാക്കുക

2). കടത്തുകാരനിൽനിന്നും സിദ്ധാർഥൻ പഠിച്ചെടുത്ത കാര്യങ്ങൾ എന്തെല്ലാം ?

3). വണ്ടിക്കാരൻെറ മരണത്തെ കവി എങ്ങനെയാണ് ചിത്രീകരിക്കുന്നത് ?

4). കമലം, ഗോപി എന്നിവരുടെ സ്വഭാവത്തിലെ പ്രത്യേകതകൾ വിശദമാക്കുക

5). 'കീറിപ്പൊളിഞ്ഞ ചകലാസ്' എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക

6). അക്രൂരൻ അമ്പാടിയിൽ കണ്ട കാഴ്ചകൾ എന്തെല്ലാം ?

7). ആപത്തിൽ തളരാത്ത മനസ്സിനുടമയായിരുന്നു നരേന്ദ്രൻ – തെളിയിക്കുക

8). സന്യാസിമാരോടുള്ള നരേന്ദ്രൻെറ താത്പര്യം

**End of the Question Paper**